(ബി) 29-1-2005-ൽ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), ചീഫ് എൻജിനീയർ (പ്രോജക്ട് ആന്റ് സിവിൽ വർക്സ്) എന്നിവർ പ്രസ്തുത സ്ഥലം മുനിസിപ്പൽ അധികാരികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയും ബസ് സ്റ്റേഷനുവേണ്ട വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അധികൃതരെ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2-2-2005-ൽ ചീഫ് എൻജിനീയ (പ്രോജക്ട് ആന്റ് സിവിൽ വർക്സ്) റുടെയും തുടർന്ന് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെയും ചേംബറിൽ മുനിസിപ്പൽ അധികാരികളും, കെ. എസ്. ആർ. ടി. സി. ഉദ്യോഗസ്ഥൻമാരുമായുള്ള കോൺഫറൻസിൽ ഇനി ചെയ്യേണ്ട പ്രവർത്തനങ്ങളുടെ പട്ടിക നൽകിയിട്ടുണ്ട്.

(സി) വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി കെ. എസ്. ആർ. ടി. സി. ക്ക് കൈമാറുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ ആരംഭിക്കുവാൻ സാധിക്കും.

**ആർ. ടി. ഓഫീസുകളിലെ കമ്പ്യൂട്ടർ സംവിധാനം മെച്ചപ്പെടുത്താൻ നടപടി**

78 [3592] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ആർ. ടി. ഓഫീസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആർ. ടി. ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിനുവേണ്ടി ഏതെങ്കിലും കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇങ്ങനെ കമ്പ്യൂട്ടർവൽക്കരിച്ച ആർ. ടി. ഓഫീസുകളിൽ കമ്പ്യൂട്ടർ തകരാറുകൾ കാരണം പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമല്ലാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി, കമ്പ്യൂട്ടർ തകരാറുകൾ പരിഹരിക്കുന്നതിനും മറ്റ് കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുംവേണ്ടി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

*ഉത്തരം*

(എ) തിരുവനന്തപുരം — 1
എറണാകുളം — 1

(ബി) 31-3-2005-ലെ ജി. ഒ. (ആർടി.) 129/05/ട്രാൻ. എന്ന ഉത്തരവുപ്രകാരം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹൈദ്രാബാദിലെ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തെ സമ്പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർവൽക്കരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. എന്നാൽ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ സഹകരണത്തോടെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതോടുകൂടി ഈ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുന്നതാണ്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുക, അവ പരിപാലിക്കുക, കൺസ്യൂമർ ബിൽസ്, സ്റ്റേഷനറി എന്നിവ യഥാസമയം ലഭ്യമാക്കുക എന്നിവ ടി കമ്പനിയുടെ ഉത്തരവാദിത്വം ആയിരിക്കും. കൂടാതെ ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ഉപകരണം പ്രവർത്തിക്കാതെ വന്നാൽ ടി കമ്പനി പിഴയൊടുക്കണമെന്ന നിബന്ധനയും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഇരുചക്രവാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി**

79 [3593] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുചക്രവാഹന അപകടങ്ങൾ വർദ്ധിക്കുന്നതിന് മുഖ്യകാരണമായ വേഗത നിയന്ത്രിക്കുന്നതിനുവേണ്ടി ഇരുചക്രവാഹന നിർമ്മാണവേളയിൽത്തന്നെ എൻജിനുകളിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുവേണ്ട നിർദ്ദേശം ഇരുചക്രവാഹനനിർമ്മാണ കമ്പനികൾക്ക് നൽകുന്നകാര്യം പരിഗണിക്കുമോ?

*ഉത്തരം*

വാഹന നിർമ്മാതാക്കൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള അധികാരം കേരള സർക്കാരിനില്ല.

**ശ്രീകുമാരൻ തമ്പി എന്ന എംപാനൽ കണ്ടക്ടറെ തിരിച്ചെടുക്കാൻ നടപടി**

80 [3594] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകുമാരൻ തമ്പി എന്ന എംപാനൽ കണ്ടക്ടറെ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തായിരുന്നു കാരണം എന്ന് അറിയിക്കാമോ;

GPM. 2/611/2012—15

LIBRARY ARCHIVES Kerala Legislative Assembly